# എം.സി.വൈ.എം. ദർശനം പ്രവർത്തനശൈലി

**സ്വർഗ്ഗീയ മദ്ധ്യസ്ഥൻ** : വി.ഫ്രാൻസിസ് അസ്സീസ്സി

**ലക്ഷ്യം** : യുവജനങ്ങളുടെ സമഗ്ര വികസനവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും

**എംബ്ലം**

: യേശുവിന്റെ രക്ഷാകര പദ്ധതിയുടെ തുടർച്ചയായ യുവജനങ്ങൾ വി.ബൈബിളിൽ നിന്നും കുരിശിൽ നിന്നും ശക്തി പ്രാപിച്ച് ഭൂമിയിൽ പ്രകാശം പരത്തുവനുള്ള ഉത്തരവാദിത്വം ഏല്പിക്കപ്പെട്ടവരാണെന്ന ആഹ്വാനമാണ എംബ്ലം നല്കുന്നത്

**പതാക** : പ്രസ്ഥാനത്തിന്റെ പതാകയുടെ നിറങ്ങൾ മുകളിൽ നിന്നും താഴേക്ക് യഥാക്രമം ചുവപ്പ്,വെള്ള മഞ്ഞ എന്നിവയായിരിക്കും.പതാകയുടെ നീളം വീതി 3:2 അനുപാതത്തിലും മദ്ധ്യഭാഗത്തുള്ള വെള്ളയിൽ പ്രസ്ഥാനത്തിന്റെ എംബ്ലവും മുദ്രണം ചെയ്യപ്പെട്ടിരിക്കണം

**ചുവപ്പ് നിറം** : തന്റെ തിരുരക്തം വഴി ഒരു നവയുഗപ്പിറവിക്കു നാന്ദി കുറിച്ച ക്രിസ്തുവിലൂടെ യുവജനങ്ങൾ സാധിതമാക്കേണ്ട സമഗ്ര പരിവർത്തനത്തെ സൂചിപ്പിക്കുന്നു

**വെള്ള നിറം** : പുനരൈക്യത്തിലൂടെ മലങ്കര സഭയ്ക്ക് അനുഭവവേദ്യമായ ശാന്തിയും സമാധാനവും സഭേതര സമൂഹങ്ങൾക്ക് ലഭ്യമാക്കിക്കൊടുക്കുവാനുള്ള ദൗത്യത്തെ സൂചിപ്പിക്കുന്നു

**മഞ്ഞ നിറം** : കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സത്യസഭയിലുള്ള കൂട്ടായ്മയേയും വിധേയത്വത്തേയും സൂചിപ്പിക്കുന്നു

**എം.സി.വൈ.എം ആന്തം** : മാനവ വിമോചനം ലക്ഷ്യമാക്കി വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും മാർഗ്ഗത്തിലൂടെ സമാധാനദൂതനായി ക്രൈസ്തവ ധർമ്മം നിർവഹിക്കാൻ ആഹ്വാനം ചെയ്യുന്നു.